**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 929** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട നിലവിൽ പാതി വഴിയിലായ ഒറ്റപ്പാലം മണ്ഡലത്തിലെ ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഒറ്റപ്പാലം - ചെർപ്പുളശ്ശേരി റോഡ് നിർമ്മാണ പ്രവൃത്തിക്ക് ULCCS എന്ന നിർമ്മാണ കമ്പനിയുമായി കരാറിൽ ഏർപ്പെട്ട് 18 മാസത്തെ പൂർത്തീകരണ കാലാവധിയോടെ 23.09.2024-ന് സൈറ്റ് പ്രവൃത്തിക്കായി കൈമാറുകയുണ്ടായി. നിലവിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ 31 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രൈനേജ്, കലുങ്കുകൾ എന്നിവയുടെ നിർമാണം ഏകദേശം 80 ശതമാനവും GSB, WMMവിരിക്കുന്ന പ്രവൃത്തികൾ ഏകദേശം 30 ശതമാനവും DBM ടാറിങ് ഏകദേശം 18 ശതമാനവും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഒറ്റപ്പാലം മുതൽ വരോട് വരെ പല ഭാഗങ്ങളിലും കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തിയാകാത്തതും നിർമ്മാണ സാമഗ്രികളുടെയും ടാറിന്റെയും വില വർദ്ധനവും പ്രവർത്തിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**